LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ഇ. ബോർഡിന്റെ 3-3-2001-ലെ 528/2001/റ്റി.സി.2പി904/98 നമ്പർ ഉത്തരവ് പ്രകാരം 21-3-2001-ൽ 3/2001 മുതൽ മൂന്ന് വർഷത്തേക്ക് ഒരു മീറ്ററിന് 520 രൂപ നിരക്കിൽ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും സിങ്കിൾ ഫേസ് ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ വാങ്ങുന്നതിന് കരാർ നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി ആന്റ് ഡി) കേന്ദ്ര ഗവൺമെന്റിന്റെ ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയനുസരിച്ച് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിൽ കൃത്യത ഉറപ്പുവരുത്തുന്നതിനായി മെക്കാനിക്കൽ മീറ്ററുകൾക്ക് പകരമായി ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 1/2003 മുതൽ മെക്കാനിക്കൽ മീറ്ററുകൾ ബോർഡ് വാങ്ങുന്നില്ല. കൊല്ലം മീറ്റർ കമ്പനിക്ക് 2,40,000 എണ്ണം സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ നിർമ്മിച്ച് നൽകുന്നതിന് 23-6-2003-ൽ ഒരു ഓർഡർ നൽകിയിരുന്നു. ടി ഓർഡർ 30-6-2004 വരെ നിലവിലുണ്ട്. എന്നാൽ ടി ഓർഡറിൻ പ്രകാരമുള്ള മീറ്ററുകൾ അവർ നിശ്ചിത തീയതിക്കുള്ളിൽ തന്നെ തന്നു തീർത്തിട്ടുണ്ട്. മെക്കാനിക്കൽ മീറ്ററുകൾക്ക് പകരം സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ നൽകുന്നതിന് പുതിയതായി വിളിച്ച ടെണ്ടറിൽ സൗത്ത് സെൻട്രൽ റീജിയണുകളിൽ കൊല്ലം മീറ്റർ കമ്പനിയാണ് ഏറ്റവും കുറഞ്ഞ വില കോട്ട് ചെയ്തിരിക്കുന്നത്. ടി ടെണ്ടറിൽ 2,50,000 എണ്ണം മീറ്ററുകൾ ഒന്നിന് 209 രൂപ (എല്ലാ നികുതിയുമുൾപ്പെടെ) വച്ച് നൽകുന്നതിനുള്ള ഓർഡർ നൽകുന്നതാണ്.

ഡെപ്പോസിറ്റ് നൽകി വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തികൾ

16 [1695] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് നൽകി വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള എല്ലാ പ്രോജക്ടുകളും പ്രവൃത്തികളും 2004 മാർച്ചിനു മുമ്പ് പൂർത്തീകരിക്കാൻ സർക്കാർ ബോർഡിന് എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) നിലവിൽ ഏത് കാലയളവുവരെ തുക അടച്ച പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ ഉപകരണങ്ങൾ എല്ലാ ജില്ലകളിലേക്കും എത്തിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ മെറ്റീരിയൽ ലഭിക്കാത്തതാണ് കാരണമെങ്കിൽ ഇക്കാര്യത്തിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബോർഡിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ തുക അടച്ചിട്ടുള്ള എല്ലാ പി.പി.എസ്. (Peoples Participation Scheme) പദ്ധതികളും പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വൈദ്യുതി ബോർഡിന്റെ മറ്റു പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണവും കൂടി കണക്കിലെടുത്തുകൊണ്ട് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കിവരുന്നു.

(ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ മുൻഗണനാടിസ്ഥാനത്തിൽ നൽകി വരുന്നു. കൂടാതെ ജനകീയാസൂത്രണ പദ്ധതി (കേരള വികസന പദ്ധതി) യ്ക്കാവശ്യമായ ഇപ്പോൾ ലഭ്യമല്ലാത്ത സാധന സാമഗ്രികൾ ഓരോ ജില്ലയുടേയും ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ തന്നെ നേരിട്ട് വാങ്ങിക്കുവാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലേയും കണ്ണൂർ ജില്ലയിലേയും ഇലക്ട്രിക്കൽ സെക്ഷനുകളിലെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികൾ

17 [1696] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ഭീമനടി, പിലിക്കോട്, കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ, കരിവെള്ളൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് പ്രകാരമുള്ള ഏതൊക്കെ പ്രവർത്തികളാണ് ഇപ്പോൾ ചെയ്തുവരുന്നതെന്നും ഏതേതു വർഷമാണ് അവയുടെ എം.ജി. എഗ്രിമെന്റ് ഒപ്പു വച്ചതെന്നും അറിയിക്കാമോ;

2/198/2013—12.

LIBRARY ARCHIVES Kerala Legislative Assembly